പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1156

04.12.2014 - ൽ മറുപടിക്ക്

# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംയോജിത വിദ്യാഭ്യസ പദ്ധതിയും (ഐ.ഇ.ഡി.എസ്.എസ്), സംസ്ഥാന പദ്ധതിയുടെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. PWD Act /Rules പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുള്ള 292 സ്കൂളുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ ഭൂരിഭാഗം സ്കൂളുകളും എൻ.ജി.ഒ. നടത്തുന്നവയും തദ്ദേശസ്വയംഭരണവകുപ്പിന്റെ ബഡ്സ് സ്കൂളുകളുമാണ്. ഇപ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ എല്ലാ വർഷവും നിശ്ചിത തുക ഗ്രാന്റ് ആയി അനുവദിച്ചു നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 15 കോടി രൂപ ഗ്രാന്റിനായി അനുവദിച്ചിട്ടുണ്ട്. |

(ബി)ഇത്തരം വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് പ്രത്യേകമായി അധ്യാപകരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം 725 അധ്യാപകരെയും എസ്.എസ്.എ വഴി 1335 അധ്യാപകരെയും സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ സിസ്റ്റത്തിലും അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

സി)ഉണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസ യോഗ്യത, സേവന വേതന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കുമോ;

(ഡി)ഇത്തരം അധ്യാപകർക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി &ഡി)

ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം നിയമിക്കപ്പെടുന്നവർക്ക് B.Ed. (Spl.Edn.) അഥവാ B.Ed. (General) നോടൊപ്പം Spl. Edn. -ൽ 2 വർഷ ഡിപ്ലോമയുമാണ് കേന്ദ്രമാനവവിഭവശേഷിമന്ത്രാലയം നിഷ്കർഷിക്കുന്നത്.

സ.ഉ.(പി)412/69/വി.വ,തീയതി8.11.1969, സ.ഉ.(എം.എസ്)198/79/പൊ.വി.വ. 22.11.1979 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് അന്ധ ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അധ്യാപകരുടെ സേവന

വേതന വ്യവസ്ഥകളും
വിദ്യാഭ്യാസയോഗ്യതകളും
നിഷ്കർഷിച്ചിരിക്കുന്നത്. ബഡ്സ്
സ്കൂളുകൾ ഉൾപ്പെടെ മാനസിക
വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന
100 വിദ്യാർത്ഥികളിൽ കൂടുതലുള്ള
സ്പെഷ്യൽ സ്കൂളുകൾക്ക്
വ്യവസ്ഥകൾക്ക് വിധേയമായി
എയ്ഡഡ് പദവി നൽകുന്നതിന്
28.04.14-ലെ സ.ഉ.(പി) നം. 69/2014/
പൊ.വി.വ. സർക്കാർ ഉത്തരവ്
പ്രകാരം തത്വത്തിൽ അനുമതി നൽകി
ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന
സ്പെഷ്യൽ സ്കൂളുകളിലെ
അധ്യാപകരുടെ നിയമനം, വേതന
വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നതിന്
വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും
ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ